# ചാരായനിരോധനത്തിനുശേഷം

## 1. തെരഞ്ഞെടുപ്പ്

1996 ഏപ്രിൽ 1–ാം തിയ്യതി ചാരായനിരോധനം നടപ്പിൽ വന്നപ്പോഴേക്കും നിയമസഭാ തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനവും ആയി. മദ്യനിരോധനത്തിനു വേണ്ടി വോട്ടവകാശം വിനിയോഗിക്കുക എന്ന അടിസ്ഥാനനയത്തിന് അനുസൃതമായി കർമ്മപരിപാടി ആവിഷ്കരിക്കാൻ ഏപ്രിൽ 10–ാം തിയ്യതി വിപുലമായ പ്രവർത്തകസമ്മേളനം കൂടി. ഈ യോഗം "ഐക്യജനാധിപത്യമുന്നണിക്കു വോട്ടു ചെയ്യൂ, എ. കെ. ആന്റണിയെ അധികാരത്തിലേറ്റൂ" എന്ന ആഹ്വാനം നൽകി. സംസ്ഥാനനേതൃത്വം എ. കെ. ആന്റണിയുടെ നിയോജകമണ്ഡലമായ ചേർത്തലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ചേർത്തല പട്ടണത്തിൽ ആപ്പീസ് തുറന്ന് ഏപ്രിൽ 17 മുതൽ 25 വരെ വ്യാപകവും ശക്തവും ആയ പ്രചരണം നടത്തി. ഇതിനു ചുക്കാൻ പിടിച്ചതു ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ ആയിരുന്നു. ഉൽഘാടനത്തിലും സമാപനത്തിലും പ്രസിഡന്റ് പ്രൊഫ. ജി.കുമാരപിള്ളയും പങ്കെടുത്തു.

പക്ഷേ ഏപ്രിൽ 27–ാം തിയ്യതി നടന്ന തെരഞ്ഞെടുപ്പിൽ എ.കെ.ആന്റണി നല്ല ഭൂരിപക്ഷത്തോടെ ജയിച്ചെങ്കിലും ഐക്യജനാധിപത്യമുന്നണിക്കു ഭൂരിപക്ഷം കിട്ടിയില്ല. മേയ് മാസം 20–ാം തിയ്യതി ഇ.കെ.നായനാരുടെ നേതൃത്വത്തിൽ ഇടതുജനാധിപത്യമുന്നണി മന്ത്രിസഭ അധികാരമേറ്റു. ഈ സംഭവവികാസം പ്രവർത്തകരിൽ സ്വാഭാവികമായി ഇച്ഛാഭംഗം ഉളവാക്കി. പക്ഷേ ഇച്ഛാഭംഗം താൽക്കാലികമായിരുന്നു.

"ഇനി സമരത്തിന്റെ നാളുകൾ" എന്നു സ്വയം ഓർമ്മിപ്പിച്ചുകൊണ്ട് അവർ പ്രത്യുൽപന്നമതിത്വത്തോടെ മുന്നേറി.

## 2. ആദ്യപ്രതികരണം, ധർണ്ണ, നിവേദനം

25-5-1996-ൽ ചേർന്ന സംസ്ഥാനസമിതി മദ്യനിരോധനത്തോടുള്ള നയം വ്യക്തമാക്കണമെന്നും ചാരായനിരോധനം കാര്യക്ഷമമായി നടപ്പാക്കണമെന്നും അടുത്ത വർഷം മുതൽ വിദേശ മദ്യവും നിരോധിക്കുമെന്നു പ്രഖ്യാപിക്കണമെന്നും പുതിയ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. പുതിയ നിയമസഭ കൂടുന്ന ആദ്യദിവസമായ 29-5-1996-ൽ ഈ അടിസ്ഥാനതത്തിലുള്ള നിവേദനം സമർപ്പിക്കുകയും ചെയ്തു. നിവേദനസമർപ്പണത്തിനു ധാർമ്മിക പശ്ചാത്തലം ഒരുക്കിക്കൊണ്ടു സമിതി പ്രസിഡന്റ് പ്രൊഫ. ജി. കുമാരപിള്ള സെക്രട്ടേറിയറ്റ് നടയിൽ കാലത്ത് 9 തൊട്ട് വൈകുന്നേരം 4 വരെ ഉപവാസം അനുഷ്ഠിച്ചു. സത്യപ്രതിജ്ഞ കഴിഞ്ഞ് ഇറങ്ങിവന്ന എ. കെ. ആന്റണി (മുൻ മുഖ്യമന്ത്രി) തേറമ്പിൽ രാമകൃഷ്ണൻ (മുൻ സ്പീക്കർ) തുടങ്ങി നിരവധി നിയമസഭാംഗങ്ങൾ പ്രൊഫ. ജി. കുമാരപിള്ളയെ അഭിവാദ്യം ചെയ്തു. സമിതിയുടെ ധാരാളം സംസ്ഥാന ജില്ലാ നേതാക്കളും പ്രവർത്തകരും അവിടെ സന്നിഹിതരായിരുന്നു. എന്നാൽ പല മാസങ്ങൾ കാത്തിട്ടും സർക്കാർ വ്യക്തമായ മറുപടി ഒന്നും നൽകിയില്ല. ഇക്കാലമത്രയും സംസ്ഥാന-ജില്ലാ- പ്രാദേശിക തലങ്ങളിൽ സമിതിയുടെ തീവ്രമായ പ്രചരണം നടന്നുകൊണ്ടിരുന്നു. കൂടാതെ എക്സൈസ് കമ്മീഷണർ ആർ.ബി.പാഠക്കിന്റെ ക്ഷണമനുസരിച്ച് അദ്ദേഹത്തെ കണ്ട് 9-10-1996-ൽ ചർച്ച നടത്തുകയുമുണ്ടായി.

സർക്കാർ തുടർന്നും മൗനം ഭജിച്ചു. ഏതായാലും ചാരായനിരോധനം പിന്വലിക്കാൻ സർക്കാർ ഭാഗത്ത് തിടുക്കമൊന്നും കണ്ടില്ല. പക്ഷേ പിൻവലിച്ചില്ലെങ്കിൽ അട്ടിമറിക്കുമെന്ന ആശങ്ക നിലനിന്നു. ഏതാണ്ടു മിക്ക ദിനപത്രങ്ങളും ഇതിനെതിരെ സർക്കാരിനെ താക്കീതു ചെയ്തു. അതുകൊണ്ടു വീണ്ടുമൊരു നിവേദനം നൽകുവാൻ തീരുമാനിച്ചു. കേരളപ്പിറവിയുടെ 40-ാം വാർഷികദിനമായ 1996 നവംബർ 1-ന് ഇതോടനുബന്ധിച്ചു തിരുവനന്തപുരത്തു വിപുലമായ ധർണ്ണ നടത്തി.

കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു വാഹനങ്ങളിൽ ധാരാളം പ്രവർത്തകർ പാളയത്തിൽ എത്തി എല്ലാവരും കൂടി പ്രൊഫ. ജി. കുമാരപിള്ള, ഫാ. തോമസ് തൈത്തോട്ടം, ജയപ്രകാശ് നാരായണൻ എന്നിവരുടെ നേതൃത്വത്തിൽ ജാഥയായി മുന്നോട്ടു നീങ്ങി. സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തി. നിവേദനം സമർപ്പിച്ചു. പക്ഷേ മുഖ്യമന്ത്രി ഇ.കെ.നായനാരെയോ എക്സൈസ് മന്ത്രി ടി. ശിവദാസമേനോനേയോ നേരിൽ കാണാൻ കഴിഞ്ഞില്ല. അവരുടെ പ്രതികരണവും അറിഞ്ഞില്ല.

## 3. സംസ്ഥാനജാഥ

ഈ സാഹചര്യത്തിലാണ് 1997 ഏപ്രൽ 1 മുതൽ ബിയർ ഉൾപ്പെടെയുള്ള എല്ലാ വിദേശമദ്യവും നിരോധിക്കണം എന്ന ആവശ്യം ഉന്നയിച്ചു കൊണ്ടു രണ്ടുമാസം നീണ്ടുനിൽക്കുന്ന സംസ്ഥാന ജാഥ സംഘടിപ്പിച്ചത്. പതിവിൽ നിന്നു വ്യത്യസ്തമായി ഈ വാഹനജാഥ തെക്കു നിന്നു വടക്കോട്ടാണു പ്രയാണം നടത്തിയത്. വെള്ളറടയിൽ നവംബർ 4-നു രക്തസാക്ഷിത്വം വഹിച്ച എ. രാജേന്ദ്രന്റെ ശവകുടീരത്തിൽ പുഷ്പാർച്ചന നടത്തിയിട്ട് ഡിസംബർ 1-ാം തിയ്യതി വടക്കോട്ടു നീങ്ങിയ ജാഥ കണ്ണൂർ ജില്ലയിലെ മലയോരം വഴി സംസ്ഥാനത്തിന്റെ വടക്കേ അറ്റമായ കാസർഗോഡ് എത്തിയിട്ടു കടലോരം വഴി തിരിച്ചു തലശ്ശേരിയിൽ വന്നു. ജനുവരി 30-ാം തിയ്യതി വൻപിച്ച റാലിയോടും പൊതുസമ്മേളനത്തോടും കൂടി സമാപിച്ചു. ജാഥയ്ക്കു നേതൃത്വം നൽകിയതു ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ , സംസ്ഥാനസെക്രട്ടറി മാത്യു.എം.കണം എന്നിവരാണ്. സംസ്ഥാനപ്രസിഡന്റ് പ്രൊഫ. ജി.കുമാരപിള്ളയ്ക്ക് ഉൽഘാടനത്തിലും സമാപനത്തിലും മാത്രമേ പങ്കെടുക്കാൻ കഴിഞ്ഞുള്ളു. മറ്റ് ഔദ്യോഗിക ഭാരവാഹികൾ ഇടയ്ക്കും മുറയ്ക്കും ജാഥയിൽ പങ്കുകൊണ്ടു. ചാരായനിരോധനം പിൻവലിക്കുകയോ അട്ടിമറിക്കുകയോ ചെയ്യുന്നതിനെതിരെ ജനങ്ങളെ ജാഗരൂകരാക്കാനും പ്രവർത്തകരെ സമരസജ്ജരാക്കാനും ഈ 8 മാസത്തെ പ്രചരണത്തിന്റെ അവസാനഘട്ടമായ ജാഥ വളരെ ഉപകരിച്ചു.

## 4. അട്ടിമറി

ഇതിനിടയിൽ ദൂരപരിധി ലംഘിക്കുന്ന കള്ളുഷാപ്പുകൾ

തുടരാനും കള്ളുഷാപ്പുകളിലെ ചാരായവിൽപനയ്ക്കു നേരെ കണ്ണട യ്ക്കാനും ബിയർപാർലറുകൾ തുടങ്ങാനും മദ്യനിരോധനക്കാര്യത്തിൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഉള്ള അധികാരം വെട്ടിക്കുറയ്ക്കാനും ഉള്ള പല അശുഭസൂചകങ്ങളായ നീക്കങ്ങളും സർക്കാർ ഭാഗത്തുനിന്നുണ്ടായി. അട്ടിമറി തുടങ്ങിക്കഴിഞ്ഞിരുന്നു.

## 5. കെ. പി. മാധവൻ നായർ (1905–1997)

ഈ ഘട്ടത്തിൽ വലിയൊരു നഷ്ടം സംഭവിച്ചു. 1997 ജനുവരി 3–ാം തിയ്യതി ദിവംഗതനായ കെ. പി. മാധവൻ നായർ കേരള മദ്യനിരോധനസമിയുടെ പക്വമതിയായ നേതാവും പ്രൊഫ. എം. പി. മന്മഥന്റെ മുതിർന്ന ഉപദേഷ്ടാക്കളിൽ അഗ്രഗണ്യനായിരുന്നു. പാർലമെന്റ് അംഗം, എ. ഐ. സി. സി. ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് ഉയർന്ന് അഖിലേന്ത്യാ പ്രശസ്തനായിത്തീർന്ന ഈ കോൺഗ്രസ്സ് നേതാവ് 1969–നുശേഷം കക്ഷി രാഷ്ട്രീയത്തിന് അതീതമായ പൊതുപ്രവർത്തനത്തിലാണ് ശ്രദ്ധിച്ചിരുന്നത്. കേരള മദ്യനിരോധന സമിതിയുടെ രൂപീകരണം മുതൽ പ്രവർത്തനങ്ങളിൽ അദ്ദേഹം എന്നും സജീവമായി പങ്കെടുത്തിരുന്നു. സർവ്വാദരണീയനായ ഒരു കാരണവരെയാണ് അദ്ദേഹത്തിന്റെ ചരമം മൂലം ഗാന്ധിമാർഗ്ഗപ്രവർത്തകർക്ക്, പ്രത്യേകിച്ചും മദ്യനിരോധനപ്രവർത്തകർക്ക്, നഷ്ടപ്പെട്ടത്.

## 6. പുതിയ മദ്യനയം

10 മാസത്തെ കാത്തിരിപ്പിനുശേഷം പുതിയ സർക്കാരിന്റെ മദ്യനയം വെളിയിൽ വന്നുകണ്ടപ്പോൾ മദ്യവിരുദ്ധ പ്രവർത്തകർ അന്ധാളിച്ചു. ചാരായനിരോധനം പിൻവലിക്കാതെ അതിനെ അർത്ഥശൂന്യമാക്കിത്തീർക്കാനുള്ള വ്യഗ്രതയാണ് അതിൽ കണ്ടത്. വിദേശമദ്യചില്ലറ വ്യാപാരശാലകളുടെ എണ്ണം കൂട്ടുക, കള്ളുഷാപ്പുകളുടെ എണ്ണം കൂട്ടുക, വിദേശമദ്യത്തന്റെ തീരുവ കുറയ്ക്കുക, വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ബാറുകളും ബിയൽപാർലറുകളും ഉദാരമായി അനുവദിക്കുക, ദൂരപരിധി നിയമം മരവിപ്പിക്കുക – എല്ലാം കൂടിയാവുമ്പോൾ ചാരായനിരോധനത്തെ മാത്രമല്ല മദ്യവിരുദ്ധരംഗത്ത് അതുവരെ ഉണ്ടായ എല്ലാം നേട്ടങ്ങളെയും

അട്ടിമറിക്കുന്ന ഒരു നയമാണു പ്രഖ്യാപിതമായത്. ഫെബ്രുവരി 19-ാം തിയ്യതിയിലെ മന്ത്രിസഭായോഗത്തിലാണ് ഇതിലെ അധികം ഇനങ്ങളും അംഗീകരിച്ചത്. ബാക്കി മാർച്ച് 5-ാം തിയ്യതിയിലെ യോഗത്തിലും.

## 7. പ്രതിഷേധം

ഈ നയത്തിനെതിരെ അപ്രതീക്ഷിതമാം വണ്ണം രൂക്ഷമായ പ്രതിഷേധം ഇരമ്പി. കേരള മദ്യനിരോധനസമിതി പ്രസിഡന്റ് പ്രൊഫ.ജി.കുമാരപിള്ള ഉടൻതന്നെ ഈ നയത്തെ ജനദ്രോഹകരവും വഞ്ചനാപരവും എന്നുവിശേഷിപ്പിച്ച് അപലപിച്ചു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, ഡോ. സുകുമാർ അഴീക്കോട്, സുഗതകുമാരി, എ.പി.ഉദയഭാനു, കെ. ജനാർദ്ദനൻ പിള്ള തുടങ്ങിയ സാംസ്കാരിക നേതാക്കന്മാർ സർക്കാർ നീക്കത്തെ ആക്ഷേപിച്ചു. കേരളത്തിലെ 10 പ്രധാന ദിനപ്പത്രങ്ങളിൽ എട്ടും സർക്കാരിന്റെ പോക്കിൽ ഉൽക്കണ്ഠ പ്രകടിപ്പിച്ചു. നായർ സർവ്വീസ് സൊസൈറ്റിയുടെ ജിഹ്വയായ 'സർവ്വീസ്' ദ്വൈവാരിക പുനരവലോകനത്തിന് ആശ്ചര്യപ്പെട്ടു. മുസ്ലീം എജ്യുക്കേഷനൽ സൊസൈറ്റിയുടെ പൊതുയോഗവും ഇതിനെ എതിർത്തു. ക്രിസ്തീയ സമുദായത്തിന്റെ പ്രതികരണം സർക്കാരിനെ പരിഭ്രമിപ്പിക്കുംവിധം രൂക്ഷമായിരുന്നു. വിവിധ സഭാദ്ധ്യക്ഷന്മാരും രൂപതാദ്ധ്യക്ഷന്മാരുമായ വൈദിക മേധാവികൾ സർക്കാർ നയത്തെ കഠിനമായി വിമർശിക്കുക മാത്രമല്ല അതിനെതിരെ സമരപ്രഖ്യാപനം നടത്തുകയും ചെയ്തു.

## 8. മദ്യവിരുദ്ധജനകീയ മുന്നണി

ഇതേസമയം കേരളമദ്യനിരോദനസമിതിയുടെ സംസ്ഥാന സമിതി അടിയന്തിരമായി കൂടുകയും പുതിയ മദ്യനയത്തെ ഭർത്സിക്കുകയും അതിനെതിരെ സമരപ്രഖ്യാപനം നടത്തുകയും ചെയ്തു. സമിതിയുടെ 24-2-1997-ൽ കൂടിയ ഈ യോഗം സമാനമനസ്കരായ മറ്റു സംഘടനകളേയും വ്യക്തികളേയും ഏകോപിപ്പിച്ച് ഇക്കാര്യത്തിനായി ഒരു മദ്യവിരുദ്ധജനകീയ മുന്നണി രൂപീകരിക്കാനും നിശ്ചയിച്ചു. 2-3-1997-ൽ പാലാ മെത്രാന്റെ അരമനയിൽ കേരളത്തിലെ രണ്ടു പ്രമുഖ മദ്യവിരുദ്ധസംഘടനകളായ കേരളമദ്യനിരോധനസമിതിയുടെയും സംയുക്ത ക്രൈസ്തവ

മദ്യവർജ്ജനസമിതിയുടേയും മറ്റു ചില സംഘടകളുടേയും പ്രതിനിധികൾ ചേർന്ന് മദ്യവിരുദ്ധ ജനകീയ മുന്നണി രൂപീകരിച്ചു. മുന്നണിയുടെ രക്ഷാധികാരിയായി പരിശുദ്ധ കാതോലിക്കാ ബാവ, പ്രസിഡന്റായി പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ (സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതി പ്രസിഡന്റ്) കൺവീനറായി ഫാ. ജോൺ എർണികുളത്തിൽ എന്നിവരേയും നിശ്ചയിച്ചു. പിന്നീട് കൺവീനറായി ജയപ്രകാശ് നാരായണനേയും ഉൾപ്പെടുത്തി.

## 9. സർക്കാർ വഴങ്ങുന്നു

നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിവസമായ മാർച്ച് 6–ാം തിയ്യതി കാലത്തു തിരുവനന്തപുരത്തുവെച്ച് എം. എൽ. എ. മാരെ കയറ്റിയ രണ്ടു ബസ്സുകൾ മുന്നണി പ്രവർത്തകർ പിക്കറ്റു ചെയ്തു. സെക്രട്ടേറിയറ്റ് നടയിലും പിക്കറ്റിംഗ് നടത്തി. പ്രതിപക്ഷമായ ഐക്യജനാധിപത്യമുന്നണി നിയമസഭയ്ക്ക് അകത്തും പുറത്തും പ്രതിഷേധപ്രകടനം നടത്തി.

ഇത്രയുമായപ്പോൾ, പ്രത്യേകിച്ചു ക്രിസ്തീയ വൈദിക മേലദ്ധ്യക്ഷന്മാർ സമരോദ്യുക്തരായതുകണ്ടപ്പോൾ, സർക്കാർ ഭാഗികമായി പിൻവാങ്ങി. പുതിയ മദ്യനയത്തിലെ 10 ഇനങ്ങളിൽ 3 എണ്ണം 8–ാം തിയ്യതി ഇറക്കിയ ഉത്തരവിലൂടെ ഉപേക്ഷിച്ചു. അതോടെ പ്രതിഷേധം അവസാനിച്ചില്ലെങ്കിലും അതിന്റെ തീവ്രത കുറഞ്ഞു. വിദേശമദ്യഷാപ്പുകളടേയും കള്ളുഷാപ്പുകളുടേയും എണ്ണം കൂട്ടുന്നതും ദൂരപരിധി നിയമത്തെ മറികടക്കുന്നതും ആയ വകുപ്പുകളാണു റദ്ദു ചെയ്തത്. 19–2–1997 മുതൽ 8–3–1997 വരെയുള്ള 18 ദിവസത്തെ നാടകീയ സംഭവവികാസങ്ങളെ ഒരു പ്രത്യേക ലേഖകൻ 'പ്രോഹിബിഷൻ' മാസിക (ജൂൺ 1997) യിൽ ഇങ്ങനെ വിലയിരുത്തി.

"ബാക്കിപത്രം: ചാരായനിരോധനം പിൻവലിക്കാതെ അതിനെ അർത്ഥശൂന്യമാക്കുന്നതും മദ്യവ്യാപനത്തെ അമിതമായി പ്രോത്സാഹിപ്പിക്കുന്നതും ആയ ഒരു നയമാണു സർക്കാർ പ്രഖ്യാപിച്ചത്. ഇതു ഭാഗികമായേ പിൻവലിക്കപ്പെട്ടിട്ടുള്ളു: 1997 ഏപ്രിൽ 1 മുതൽ വിദേശമദ്യ

നിരോധനം എന്ന ആവശ്യം അവഗണിക്കപ്പെട്ടു എന്നു പറയേണ്ടതില്ല ല്ലോ. 1996 ഏപ്രിൽ 1-ലെ സ്ഥിതിയേക്കാൾ പിന്നോക്കം പോയിരിക്കുക യാണു മദ്യനിരോധനം. എന്നാൽ ശുഭോദർക്കമായ രണ്ടു നേട്ടങ്ങൾ ഉണ്ടാ യിട്ടുണ്ട്. ഒന്ന്: ക്രിസ്തീയ സമുദായം ഏതാണ്ട് ഒന്നടങ്കം മദ്യനിരോധ നരംഗത്തേക്കു വന്നു. രണ്ട്: ഭാഗികമായിട്ടാണെങ്കിലും ഇടതുപക്ഷ സർക്കാർ ജനവികാരത്തിനു വഴങ്ങി."

സർക്കാരിന്റെ പരിഷക്കരിച്ച നയത്തെ വിമർശിച്ചുകൊണ്ടും അതിനെതിരെ പ്രതികരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും മദ്യവ്യാപ നവുമായി എല്ലാത്തരത്തിലും ക്രിസ്ത്യാനികൾ നിസ്സഹകരിക്കണം എന്ന് ഉൽബോധിപ്പിച്ചുകൊണ്ടും കേരളത്തിലെ 28 കത്തോലിക്കാ മെത്രാന്മാരും ചേർന്നു പുറപ്പെടുവിച്ച സംയുക്ത ഇടയലേഖനം അത്യന്തം ശ്രദ്ധേയമാ യിരുന്നു. 'സുബോധത്തിന്റെ സുവിശേഷം' എന്നാണ് മാതൃഭൂമി 6-4-1997ലെ മുഖപ്രസംഗത്തിൽ അതിനെ വിശേഷിപ്പിച്ചത്.

## 10. മുന്നണിയുടെ പ്രവർത്തനം

മുഖ്യമന്ത്രി കോട്ടയം സന്ദർശിച്ച സന്ദർഭം ഉപയോഗിച്ചു മുന്നണി പ്രതിനിധികൾ 18-4-1997-ൽ അദ്ദേഹവുമായി മദ്യനയത്തിലെ വൈകല്യ ങ്ങളെക്കുറിച്ചു ചർച്ച നടത്തി. തുടർന്ന് കുടുതൽ വലിയൊരു പ്രതിനി ധിസംഘം 7-5-1997-ൽ ഔപചാരികമായി മുഖ്യമന്ത്രി, മന്ത്രിസഭാ പ്രതി നിധികൾ, ഉന്നതോദ്യോഗസ്ഥന്മാർ എന്നിവരുൾപ്പെട്ട സർക്കാർ പ്രതിനി ധികളുമായി ചർച്ച നടത്തി. ചർച്ചകൾ പരാജയപ്പെട്ട പശ്ചാത്തലത്തിൽ 19-5-1997-ൽ ചേർന്ന മുന്നണിയോഗം സമരപഥത്തിൽ പ്രവേശിക്കാൻ നി ശ്ചയിച്ചു. മദ്യനിരോധനം നയമായി അംഗീകരിക്കുക, 1998 മുതൽ വിദേ ശമദ്യം നിരോധിക്കുക, ദൂരപരിധി മരവിപ്പിക്കുന്ന ഉത്തരവു പിൻവലി ക്കുക - ഈ ആവശ്യങ്ങളാണു ലക്ഷ്യമായി മുന്നോട്ടു വച്ചത്.

നിയമലംഘനത്തിനെതിരെ ചില നടപടികളെടുക്കുകയും അതേ സമയം മദ്യവ്യാപനത്തെ നിർബാധം സഹായിക്കുകയും ചെയ്യുന്ന പര സ്പരവിരുദ്ധമായ ഒരു നയമാണു സർക്കാർ കൈക്കൊണ്ടത്. ഈ നയത്തി ന്റെ ക്രിയാത്മകഭാഗത്തെ അംഗീകരിക്കുകയും നിഷേധാത്മകവശത്തെ

അപലപിക്കുകയും ചെയ്യുന്നതായിരുന്നു മുന്നണിയുടെ സമീപനം. 6-8-1997-ൽ മദ്യവിരുദ്ധജനകീയ മുന്നണി രക്ഷാധികാരി ബസേലിയോസ് മാർ തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, മുന്നണി പ്രസിഡന്റും സംയുക്തക്രൈസ്തവ മദ്യവർജ്ജന സമിതി പ്രസിഡന്റും ആയ പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, കേരള മദ്യനിരോധനസമിതി പ്രസിഡന്റ് പ്രൊഫ.ജി.കുമാരപിള്ള എന്നിവർ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിലും 11-8-1197-ൽ മുന്നണിക്കു സഹകരണം വാഗ്ദാനം ചെയ്ത കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം അംഗീകരിച്ച പ്രസ്താവനയിലും ഈ സമീപനം തെളിഞ്ഞുകാണാം. എന്നാൽ സർക്കാർ ജനങ്ങളുടെ കണ്ണിൽ പൊടി ഇടുന്നു എന്ന ധാരണയാണ് മുന്തിനിന്നത്. ബാർ ലൈസൻസ് ക്രമംവിട്ടു പുതുക്കുന്നതിലും പുതുതായി അനുവദിക്കുന്നതിലും വമ്പിച്ച അഴിമതി നടന്നതായി ജൂലൈ 1-ാം തിയ്യതി പ്രതിപക്ഷം ആരോപണം ഉന്നയിച്ചു. 1997 ജൂലൈ 11 മുതൽ സെപ്തംബർ 7 വരെ ആലപ്പുഴയിൽ ഉണ്ടായ സംഭവങ്ങൾ ഞെട്ടിക്കുന്നവയായിരുന്നു. ആലപ്പുഴയിൽ നടന്ന സ്പിരിറ്റ് കുംഭകോണത്തിൽ പോലീസ് നടത്തിയ കള്ളക്കളിക്കെതിരായി കർശന നിലപാടെടുത്ത നഗരസഭാദ്ധ്യക്ഷൻ എ.എ.പുക്കൂർ, കെ. സി. വേണുഗോപാൽ എം.എൽ.എ. എന്നിവർക്കു ക്രൂരമായ മർദ്ദനം ഏൽക്കേണ്ടിവന്നു.

## 11. മദ്യവിരുദ്ധസംഗമം

ഏതായാലും സർക്കാർ വ്യക്തമായും മദ്യത്തിന് അനുകൂലമായ ഒരു നിലപാടാണ് എടുക്കുന്നതെന്നും അതിൽ നിന്നു സർക്കാരിനെ വ്യതിചലിപ്പിക്കണമെന്നും പ്രവർത്തകർക്കു ബോദ്ധ്യമായി. ഇതിനുള്ള മുന്നോടിയായി എല്ലാ ജില്ലാതലസ്ഥാനങ്ങളിലും ഗാന്ധിജയന്തി ദിവസം ധർണ്ണ സംഘടിപ്പിക്കുവാൻ കേരള മദ്യനിരോധനസമിതി സംസ്ഥാന സമിതി 20-9-1997-ൽ തീരുമാനിച്ചു. ഊർജ്ജിതമായി നടന്ന ഈ ധർണ്ണയെ തുടർന്നു മുന്നണിയുടെ ആഭിമുഖ്യത്തിൽ ജനുവരി 24 വരെ വിവിധ തലങ്ങളിൽ വിപുലമായ പരിപാടികൾ ആവിഷ്കരിച്ചു. 1998 ഏപ്രിൽ 1 മുതൽ ബിയർ ഉൾപ്പെടെയുള്ള എല്ലാ വിദേശമദ്യവും നിരോധിക്കുക എന്ന ആവശ്യമാണു മുഖ്യമായും മുന്നിൽ വെച്ചത്. ഇതിന്റെ ഭാഗമായി നവവത്സരദിനത്തിൽ സംസ്ഥാനത്തിലെ എല്ലാ വിദേശമദ്യശാലകൾക്കു മുൻപി

ലും ധർണ്ണ നടന്നു. തുടർന്ന് ജനുവരി 8 മുതൽ കേരളത്തിന്റെ മൂന്ന് അതിർത്തികളായ പാറശ്ശാല, മൂന്നാർ, കാസർഗോഡ് എന്നിവിടങ്ങളിൽ നിന്നും നീങ്ങിയ ജാഥകൾ 23-ാം തിയ്യതി സംസ്ഥാനത്തിന്റെ മദ്ധ്യഭാഗ മായ തൃശ്ശൂരിൽ എത്തിച്ചേർന്നു. 24-ാം തിയ്യതി വൈകുന്നേരം വൻപിച്ച പ്രകടനത്തോടെ മദ്യവിരുദ്ധമഹാസംഗമം നടന്നു.

## 12. സംഘടന, ഭാരവാഹികൾ

14-5-1994-ൽ നടന്ന തെരഞ്ഞെടുപ്പു പ്രകാരം പ്രൊഫ. എം.പി.മന്മഥൻ കേരള മദ്യനിരോധനസമിതി പ്രസിഡന്റായി തുടർന്നു. അദ്ദേഹത്തിന്റെ അനാരോഗ്യം പരിഗണിച്ച് വൈസ് പ്രസിഡന്റ് പ്രൊഫ. ജി. കുമാരപിള്ളയെ വർക്കിംഗ് പ്രസിഡന്റാക്കി. അദ്ദേഹത്തിന്റെ സ്ഥാന ത്ത് ഫാ. ജേക്കബ് മണ്ണാറപ്രായിൽ വൈസ്പ്രസിഡന്റ് ആയി. മറ്റു രണ്ടു വൈസ് പ്രസിഡന്റുമാരായ റവ. ഫാ. തോമസ് തൈത്തോട്ടം, ഐ.എം.വേലായുധൻ എന്നിവർ തുടർന്നു. ജനറൽ സെക്രട്ടറിയായി ജയപ്രകാശ് നാരായണനും ഖജാൻജിയായി കെ. എം. എ. മേത്തർ എന്നിവരും വീണ്ടു തെരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറിമാരുടെ തസ്തിക യിൽ ടി.എൻ. നാണുനായർ, മാത്യു എം. കണ്ടത്തിൽ എന്നിവരെക്കൂടാതെ വിളയോടി വേണുഗോപാൽ, ടി. എം. വർഗ്ഗീസ്, കലയപുരം ജോസ് എന്നിവരേയും നിശ്ചയിച്ചു.

1994 ആഗസ്റ്റ് 15-ാം തിയ്യതി പ്രൊഫ. എം. പി. മന്മഥൻ അന്തരിച്ച തിനെ തുടർന്ന് പ്രൊഫ. ജി, കുമാരപിള്ള പ്രസിഡന്റായി സ്ഥാനം ഏറ്റെ ടുത്തു.

3-1-1998-ൽ നടന്ന തെരഞ്ഞെടുപ്പിൽ കലയപുരം ജോസിന്റെ സ്ഥാനത്ത് ഇയ്യാച്ചേരി കുഞ്ഞിക്കൃഷ്ണനെ സെക്രട്ടറിമാരിൽ ഒരാളായി തെരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ അവരവരുടെ സ്ഥാനങ്ങളിൽ തുടർന്നു.

കേരളമദ്യനിരോധനസമിതിയുടെ ആദ്യത്തെ ആപ്പീസ് സെക്രട്ടറി കെ. പരമേശ്വരശർമ്മ ആയിരുന്നല്ലോ. ശർമ്മയുടെ സ്ഥാനത്ത് 1984 ആദ്യം

ഇ. ആർ. വിജയൻ വന്നു. 1-7-1996 വരെ അദ്ദേഹം തുടർന്നു. അദ്ദേഹത്തിന്റെ ദീർഘകാല സേവനം സമിതിക്ക് ഒരു മുതൽകൂട്ടായിരുന്നു. വിജയൻ ജോലി വിട്ടതു മുതൽ എം. തങ്കപ്പമേനോൻ ആപ്പീസ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

## 13. പുതിയ സംഭവവികാസങ്ങൾ

1998 ഏപ്രിൽ മുതൽ ബിയർ ഉൾപ്പെടെയുള്ള വിദേശമദ്യം നിരോധിക്കുക എന്ന ആശയം സർക്കാർ ചെവിക്കൊണ്ടില്ല. എന്നുമാത്രമല്ല മാർച്ച് 12-ാം തിയ്യതി മദ്യവിരുദ്ധജനകീയ മുന്നണിയുടെ ഒരു ഉന്നതസമിതിക്ക് നൽകിയ യാതൊരുറപ്പും പാലിക്കാൻ എക്സൈസ് മന്ത്രി ശ്രമിച്ചിട്ടുമില്ല. "മദ്യക്കച്ചവടം - കേരള സർക്കാർ 12 കോടി പിരിച്ചു" എന്ന പേരിൽ 'മലയാളം' വാരികയിൽ ഏപ്രിൽ 3-ാം തിയ്യതി വന്ന ആരോപണത്തിനു തൃപ്തികരമായ മറുപടി പറഞ്ഞിട്ടുമില്ല. ചാരായനിരോധനത്തെ അട്ടിമറിക്കുക, അതൊരു പരാജയമാണെന്നു വരുത്തിത്തീർത്തു പിൻവലിക്കുക, മദ്യവ്യാപനം പൂർവ്വാധികം വിപുലമാക്കുക ഇതാണു ഭരണകക്ഷിയുടെ മനസ്സിലിരിപ്പ് എന്നതു ദിനംപ്രതി വ്യക്തമായിക്കൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ വർഷം ആദ്യം കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ പായത്താംപൊയിൽ എന്ന സ്ഥലത്ത് ഒരു ബിയർ ഫാക്ടറി തുടങ്ങുന്നതായി വാർത്ത വന്നു. 3-4-1997-ൽ മാതമംഗലത്തു നിന്ന് ബിയർ ഫാക്ടറി വിരുദ്ധസമിതി ഇതിനെ ചെറുക്കുവാൻ ആഹ്വാനം ചെയ്തു. ഏതായാലും ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ ഈ വർഷം ആദ്യം പാലക്കാടു ജില്ലയിൽ കഞ്ചിക്കോട് എന്ന സ്ഥലത്ത് കർണ്ണാടകത്തിലെ അമൃത് ഡിസ്റ്റിലറിക്ക് ബ്ലെൻഡിങ്ങ് ആൻഡ് ബോട്ടിലിങ്ങ് യൂണീറ്റ് തുടങ്ങാൻ താൽക്കാലികമായ അനുമതി നൽകിയതായി മേയ് 14-ാം തിയ്യതി വാർത്ത വന്നു. മന്ത്രിയുടെ ദൃഷ്ടിയിൽ ഇത് ഉൽപാദനശാലയല്ലത്രേ. ഇതിനിടയിൽ ശബരിമലക്ഷേത്രം രണ്ടരക്കോടി രൂപാ ചെലവാക്കി സ്വർണ്ണം പൂശാൻ കർണ്ണാടകത്തിൽ നിന്നു വന്ന ഭക്തശിരോമണിയായ ഒരു മദ്യമുതലാളിക്ക് അനുവാദം ലഭിച്ചു. ഇയാളുടെ ഭക്തി ഹൈകോടതിയും അംഗീകരിച്ചു. ഇപ്പോൾ അയാൾക്ക് മദ്യക്കമ്പനിയുടെ പേര്

ശബരിമലയിൽ കൊത്തിവെയ്ക്കണമത്രേ. ഈ കേസും ഇപ്പോൾ ഹൈക്കോടതിയുടെ മുമ്പിലാണ്. യേശുക്രിസ്തുവിനോട് മദ്യമുതലാളിമാർക്കു വലിയ ഭക്തിയാണ്. അതുകൊണ്ട് 'ക്രിസ്ത്യൻ ബ്രദേഴ്സ്' എന്ന പേരിൽ പള്ളിയുടെ പടമുള്ള ലേബലൊട്ടിച്ച പുതിയ വിദേശമദ്യം കേരളത്തിൽ വിൽപനയ്ക്ക് ഇറക്കിയിരിക്കുന്നു. 1998 ആഗസ്റ്റ് മാസം 7–ാം തിയ്യതി കോട്ടയത്തു സമ്മേളിച്ച കത്തോലിക്കാ മെത്രാൻസമിതി ഇതിനെതിരെ കഠിനമായി പ്രതിഷേധിച്ചുകൊണ്ട് അംഗീകരിച്ച പ്രമേയം എക്സൈസ് മന്ത്രിക്ക് അയച്ചുകൊടുക്കുകയുണ്ടായി.

ഇതിനിടയിൽ മനസ്സാന്നിദ്ധ്യം വിടാതെ മദ്യവിരുദ്ധപ്രവർത്തകർ പിടിച്ചു നിൽക്കുന്നു. ജൂലൈ 31–ാം തിയ്യതി കേരള മദ്യനിരോധനസമിതി മദ്യവ്യാപനത്തിനെതിരെ പ്രത്യേകിച്ചും ഒരാൾക്കു കൈവശം വെയ്ക്കാവുന്ന മദ്യത്തിന്റെ അളവ് ഒന്നര ലിറ്ററിൽ നിന്ന് നാലര ലിറ്ററായി വർദ്ധിപ്പിച്ച സർക്കാർ നടപടിക്കെതിരെ തിരുവനന്തപുരത്തു സെക്രട്ടേറിയറ്റ് പടിക്കൽ ധർണ്ണ നടത്തിയതും മാഹിയെ മദ്യമുക്തമാക്കാൻ വേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി ആഗസ്റ്റ് 14–ാം തിയ്യതി പ്രദേശത്തിന്റെ തെക്കും വടക്കും അതിർത്തിയിൽ 10 മിനിറ്റു സമയം പൂർണ്ണമായ ഉപരോധം ഏർപ്പെടുത്തിയതും സ്മരണീയമാണ്.

## 14. വിംശതി

കേരളമദ്യനിരോധനസമിതി സ്ഥാപിച്ചത് 1978–ൽ ആണല്ലോ. സമിതിയുടെ ദശവാർഷികാഘോഷം 1989–ൽ ആലുവായിൽ വെച്ചു നടന്ന കാര്യം നേരത്തെ പറഞ്ഞിട്ടുണ്ട്. ഈ വർഷം വിംശതി (20–ാം വാർഷികം) കോട്ടയത്തു വെച്ച് യഥോചിതം ആഘോഷിക്കുവാനും സമ്മേളനവേദിക്ക് എം. പി. മന്മഥൻ നഗർ എന്നു പേരിടാനും 24–5–1998–ൽ കൂടിയ നിർവ്വാഹക സമിതി യോഗം തീരുമാനിച്ചു. മദ്യവിരുദ്ധസന്ദേശം പ്രചരിപ്പിക്കുക, പ്രവർത്തകരെ ഉത്തേജിപ്പിക്കുക, ഇതുവരെയുള്ള കോട്ടങ്ങളും നേട്ടങ്ങളും വിലയിരുത്തി ഭാവി പരിപാടി രൂപീകരിക്കുക– ഇതിനെല്ലാമുള്ള സന്ദർഭമായി ആഘോഷം പരിണമിച്ചു.

ഇതിനായി കോട്ടയത്തു ചേർന്ന ആലോചനായോഗം ഫാ.മാത്യുകുഴിപ്പള്ളി ചെയർമാനായും ഇ. ആർ. വിജയൻ ജനറൽ കൺവീനറായും ഫാ. ജേക്കബ് പോൾ ഖജാൻജിയുമായി ഒരു സ്വാഗത സംഘം രൂപീകരിച്ചു. മദ്യനിരോധന സമിതിയിലേയും സ്വാഗതസംഘ ത്തിലേയും ചർച്ചകളുടെ ഫലമായി വിപുലമായ പരിപാടിയാണ് ആസൂ ത്രണം ചെയ്തത്. ഏതാണ്ട് അതേ രീതിയിൽ തന്നെ ആഘോഷം വിജ യകരമായി നടക്കുകയും ചെയ്തു. ആദ്യഘട്ടമായി ഒക്ടോബറിൽ കേര ളത്തിലെ 20 പ്രധാനസ്ഥലങ്ങളിൽ പ്രത്യേകമദ്യവിരുദ്ധസമ്മേളനങ്ങൾ നടത്തി. രണ്ടാം ഘട്ടമായി കോട്ടയത്തു വിമലഗിരി കത്തീഡ്രൽ ഹാ ളിൽ വെച്ച് നവംബർ 2–ാം തിയ്യതി വൈകുന്നേരം മുതൽ 3–ാം തിയ്യതി വൈകുന്നേരം വരെ പ്രതിനിധി സമ്മേളനം നടത്തി പ്രശ്നങ്ങൾ ഗൗരവ പൂർവ്വം ചർച്ച ചെയ്തു. ചർച്ചയ്ക്ക് ഐ. എം. വേലായുധൻ നേതൃത്വം കൊടുത്തു. മൂന്നാംഘട്ടത്തിന്റെ പ്രത്യേകത ഘോഷയാത്രകളായിരുന്നു. ടി. കെ. മാധവൻ, കെ. കേളപ്പൻ, ലക്ഷ്മി. എൻ. മേനോൻ, ഹാജി.കെ.സി.എം. മേത്തർ എന്നിവരുടെ ഛായാചിത്രങ്ങളുമായി യഥാക്രമം ചെട്ടികുളങ്ങര, പയ്യന്നൂർ, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ നിന്നു പുറപ്പെട്ട ഘോഷയാത്രകളും ഫാ. കര്യാക്കോസ് പാറയ്ക്കലിന്റെ അന്ത്യവിശ്രമസ്ഥാനമായ മീനടത്തുനിന്നുള്ള ദീപശിഖാ പ്രയാണവും 13–ാം തിയ്യതി ഉച്ചതിരിഞ്ഞ് വൈക്കത്ത് എത്തിച്ചേർന്നു. അന്നു വൈകുന്നേരം അവിടെനിന്നു മഹാഘോഷയാത്രയായി നീങ്ങി കോട്ടയം 'എം. പി. മന്മഥൻനഗറി'ൽ എത്തി. അവിടെ വെച്ച് പൗരസ്വീക രണത്തോടെ ആ പരിപാടി ഉപസംഹരിച്ചു.

സമാപനപരിപാടി നവംബർ 14–ാം തിയ്യതി കാലത്ത് അനുസ്മ രണസമ്മേളനം, ഉച്ചതിരിഞ്ഞു പ്രകടനം, വൈകുന്നേരം പൊതുസമ്മേ ളനം എന്നീ ഇനങ്ങളായാണ് ക്രമീകരിച്ചിരുന്നത്. കാലത്തെ സമ്മേളന ത്തിൽ സമിതിയുടെ മൺമറഞ്ഞ നേതാക്കളായ ലക്ഷ്മി. എൻ. മേനോൻ, എം. പി. മന്മഥൻ, കെ. പി. മാധവൻ നായർ, ഹാജി. കെ. സി. എം.മേത്തർ, കെ. പി. കെ. പിഷാരടി, ഫാ. കുര്യാക്കോസ് പാറയ്ക്കൽ,

കെ.കെ.വിശ്വനാഥൻ, പി. കെ. ഗ്രിഗറി, എൻ. എസ്. പണിക്കർ, എ.വി.കോശി എന്നിവരെയാണു മുഖ്യമായി അനുസ്മരിച്ചത്. വൈകുന്നേരം 3–3ം മുതൽ 4–30 വരെ നടന്ന പ്രകടനത്തിൽ സംസ്ഥാനത്തിന്റെ വിവിധജില്ലകളിൽ നിന്നു വന്ന 4000–ഓളം സ്ത്രീപുരുഷന്മാർ പങ്കെടത്തു. ദേഹാസ്വാസ്ഥ്യം മൂലം ഹാജരാകാതിരുന്ന പ്രസിഡന്റ് പ്രൊഫ.ജി.കുമാരപിള്ളയ്ക്കു പകരം ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനം ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തു. ഏ.കെആന്റണി (മുൻ മുഖ്യമന്ത്രി) ആയിരുന്നു മുഖ്യപ്രഭാഷകൻ. ചാരായനിരോധനം തന്റെ മന്ത്രി സഭ എടുത്ത ഏറ്റവും വിലപ്പെട്ട തീരുമാനമായിരുന്നുവെന്നു വിവരിച്ച അദ്ദേഹം സമ്പൂർണ്ണമദ്യനിരോധനത്തിലുള്ള തന്റെ ദൃഢവിശ്വാസം പ്രഖ്യാപിച്ചു. 1999 ഏപ്രിൽ 1 മുതൽ വിദേശമദ്യം നിരോധിക്കുകയും 2000–ാമാണ്ടു മുതൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും ചെയ്യണമെന്ന ആവശ്യം പ്രഖ്യാപിക്കുന്നതാണ് സമ്മേളനം അംഗീകരിച്ച മുഖ്യപ്രമേയം

## 15 ഇനിയെന്ത്?

മദ്യനിരോധനം ഒരു അടിസ്ഥാനപ്രശ്നമാണ്– മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപിനെത്തന്നെ ബാധിക്കുന്ന പ്രശ്നം. അതൊരു അടിയന്തിര പ്രശ്നവുമാണ്. ഉപഭോഗമാത്രസംസ്കാരം നമ്മെ വിഴുങ്ങിത്തുടങ്ങിയിരിക്കുന്നു; ഇനി അമാന്തം വയ്യ. ഈ നൂറ്റാണ്ടിൽ തന്നെ മദ്യനിരോധനം – ഇതാവണം നമ്മുടെ ലക്ഷ്യം. ചാരായനിരോധനം അതിന്റെ ആദ്യത്തെ ഘട്ടമാണ്. അടുത്തഘട്ടം വിദേശമദ്യനിരോധനം – 1999–ൽ; അവസാനഘട്ടം സമ്പൂർണ്ണ മദ്യനിരോധനം – 2000–ാമാണ്ടിൽ. നിരോധനം കൊണ്ടു വരാൻ ജനസമ്മർദ്ദവും നിരോധനനിയമം ഫലപ്രദമാക്കാൻ ജനജാഗ്രതയും സംഘടിപ്പിച്ചേ മതിയാകൂ. സമ്പൂർണ്ണ മദ്യനിരോധനം വന്നാലും മദ്യവിരുദ്ധപ്രസ്ഥാനം ജാഗ്രതാസേനയായി നിലനിൽക്കേണ്ടി വരും.

മദ്യനിരോധനപ്രസ്ഥാനം വെറും ഒരു വ്യാമോഹമാണോ? അല്ല. ഇന്നു കേരളത്തിൽ അതിനൊരു തിരിച്ചടി ഉണ്ടായിട്ടുണ്ട്. പക്ഷേ തിരിച്ചടി പ്രവർത്തകരുടെ ആത്മവീര്യം തളർത്തിയിട്ടില്ലെന്നു മദ്യനിരോധന സമിതിയുടെ വിംശതി സമ്മേളനത്തിലെ ഉത്സാഹം തെളിയിക്കുന്നു. മദ്യനിരോധനസമിതിയെ സംഘടനാപരമായി കൂടുതൽ വ്യാപകമാക്കി, മദ്യവിരുദ്ധജനകീയ മുന്നണിയിൽ കൂടുതൽ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി പ്രസ്ഥാനത്തെ കൂടുതൽ ഊർജ്ജസ്വലമാക്കുകയാണ് നമ്മുടെ നിയോഗം.